Rao Sahib I. N. Menon *(Director of Public Instruction)*: We do not get any statistics of Depressed Classes children of school-going age.

മിസ്റ്റർ പി. കെ. കൃഷ്ണൻ : ആ സ്കൂളിലുള്ള അധഃകൃത കുട്ടികൾക്കു ബഞ്ചിലിരുന്നു പഠിക്കുവാനുള്ള സൌകര്യമില്ലെന്നു ഗവമ്മെണ്ടിന്നറിയാമോ?

റാവു സാഹിബ്ബ് ഐ. എൻ. മേനാൻ : അറിവില്ല.

മിസ്റ്റർ പി. കെ. കുട്ടി : അതിനെപ്പറ്റി വല്ല കംപ്ലെയിൻറും ഉണ്ടായിട്ടുണ്ടോ?

റാവു സാഹിബ്ബ് ഐ. എൻ മേനോൻ : ഇല്ല.

മിസ്റ്റർ പി. കെ. കൃഷ്ണൻ : അവക്കു വേണ്ട സൌകര്യമില്ലെങ്കിൽ അന്വേഷിച്ചു് വേണ്ട നടപടി നടത്താമോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ : തീച്ചയായിട്ടും വേണ്ട നടപടി നടത്താം.

EXPENDITURE—GENERAL ADMINISTRATION

101. മി. സി. കെ. നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി തരുമോ.—

(എ) ൧൯൦-ൽ കൊച്ചിയിലെ ഭരണച്ചിലവു് എത്ര ഉറുപ്പികയായിരുന്നു; ൧൯൩൯-ലും ൧൯൪൭-ലും ഈ ഇനത്തിൽ എത്രവീതം ചിലവായി;

(ബി) ഏതേതു ചിലവിനങ്ങളാണു് ഭരണച്ചിലവിൽ ഉൾപ്പെട്ടുന്നതു്?

മിസ്റ്റർ പി. വി. റാഫേൽ: *(എ) ൧൯൦൦, ൧൯൩൯, ൧൯൪൭-ലെ ഭരണച്ചിലവു് താഴെചേർക്കുന്നു.

കൊല്ലം		ചിലവായ തുക Rs.
൧൯൦൦	..	ഡൻ, ൻസു, ന്യ വ ഡ — ൧൯— ൪
൧൯൩൯	..	ന ൧, ന്യ ൪, ൻ ഇ ന — ന —ൻ
൧൯൪൭	..	ന ഡ, ന ൻ, ഠ വ ന — ൧ന —വ

(ബി) ഭരണച്ചിലവിൽ ഉൾപ്പെട്ടുന്നതു്:—ശമ്പളം, ബത്ത, സാധാരണ കൺടിൻജൻസീസു് (Salaries, Establishment, Allowances and ordinary Contingencies) എന്നീ ഇനങ്ങളാകുന്നു.

**N. B.*—Does not include the lump contribution to 'Palace', 'Subsidy', charges on account of 'Railway' 'Interest', Sinking Fund, and extraordinary items as Census, Political Expenditure, etc.

മിസ്റ്റർ സി. കെ. നായർ : ഭരണച്ചിലവു് എന്നു പറഞ്ഞിരിക്കുന്നതു് അഡ്മിനിസ്ട്രേറീവു് ചാർജ്ജസ്എന്ന അർത്ഥത്തിലല്ലേ?

മിസ്റ്റർ പി. വി. റാഫേൽ : അതെ.

മിസ്റ്റർ സി. കെ. നായർ : ഇതിൽ പറയുന്ന ഇനങ്ങൾ മാത്രമേ അഡ്മിനിസ്ട്രേറീവു് ചാർജ്ജസിൽ പെടുത്തിയിട്ടുള്ളുവോ ?

മിസ്റ്റർ പി. വി. റാഫേൽ : ഈ ഇനങ്ങളെ ഇപ്പോൾ പെടുത്തിയിട്ടുള്ളു.

മിസ്റ്റർ സി. കെ. നായർ : ഈ ചാർജ്ജസിൽ, ഇവിടെ പറഞ്ഞിട്ടുള്ള ഇനങ്ങൾ കൂടാതെ ബാക്കി ഇന്നിന്നതുകൂടി പെടുത്തീട്ടുണ്ടെന്നു പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. വി. റാഫേൽ : സാലറീസു്, എസ്റ്റാബ്ലിഷ്മെൻറു്, അലവൻസു് ആൻറു് ഓർഡിനറി കണ്ടിൻജൻസീസു് ഇതൊക്കെ ഇതിൽ പെടുത്തിയിട്ടുണ്ടു്.

മിസ്റ്റർ സി. കെ. നായർ : അഡ്മിനിസ്ട്രേറീവു് ചാർജസു് എന്നു പറഞ്ഞാൽ എന്താണു്?

Mr. P. V. Raphael *(Comptroller of Finance and Accounts)*: It does not include for example an item like works in the Public Works Department, subsidies and things of that kind.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. K. Nayar *(Nemmara)*: Will not every pie spent on the running of the administrative machinery come under the head, 'administration charges'?

Rama Varmha Tampuran *(Secretary to Government)*: That is all included here.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, when the exclusions in (b) are also taken into account what approximately will be the figures in the place of 29 lakhs, 31 lakhs and 32 lakhs.

Mr. P. V. Raphael *(Comptroller of Finance and Accounts)*: In (b) there are no exclusions.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I mean the asterisk mark does not include the lump sum. If that is tacked on what exactly would be the figures?

Mr. P. V. Raphael *(Comptroller of Finance and Accounts)*: About 125 lakhs *i. e.* the whole budgetted amount.

മിസ്റ്റർ സി. കെ. നായർ : ഓരോ സിപ്പാട്ടുമെണ്ടിന്നും സപ്ലൈ ആണ്ടു് സപ്ലീസു് എന്നുള്ള ഒരു ഹെഡ്ഡു് കാണാനുണ്ടു്. ലാൻറ റവന്യൂ, സപ്ലൈ റിക്കാട്ടു്സു് ഇതൊക്കെ ഈ ഇനത്തിൽ പെടുമോ?

മിസ്റ്റർ പി. വി. റാഫേൽ : ഇപ്പോൾ ഓർഡിനറി കണ്ടിഞ്ചെൻസീസു മാത്രമേ പെടുത്തിയിട്ടുള്ളു. അതുംകൂടി ഇതിൽ കൂട്ടണമെങ്കിൽ കൂട്ടാൻ വിരോധമില്ല. സാധാരണയായിട്ടു് ഈ ഇനങ്ങളേ പെടുത്താറുള്ളു.

മിസ്റ്റർ സി. കെ. നായർ : കഴിഞ്ഞ ബഡ്ജറ്റു് സെഷനിൽ ഞാൻ പറഞ്ഞ കണക്കു തെറ്റാണെന്നു പറയുകയുണ്ടായി.

Mr. P. V. Raphael : *(Comptroller of Finance and Accounts)*: That was obviously wrong. There was no doubt about that.

മിസ്റ്റർ സി. കെ. നായർ : ഞാൻ പറയുന്നു കണക്കുകൾ പൊതുജനങ്ങൾക്കു് നേരിട്ടു് ഉപയോഗമില്ലാത്ത ഇനങ്ങളെ സംബന്ധിച്ചാണു്. അതു ഇതിൽ ചേർത്തിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ : സാധാരണയായിട്ടു് ഈ ഇനങ്ങളാണു് അഡ്മിനിസ്ട്രേറ്റീവു് ചാർജ്ജുസിൽ പെടുത്താറുള്ളതു്. സപ്ലൈ ആണ്ടു് സപ്ലീസു് മുതലായ ബാക്കി ഇനങ്ങൾ ബഡ്ജറ്റിൽ ഉള്ളതുപോലെവരും.

മിസ്റ്റർ സി. കെ. നായർ : പൊതുജനങ്ങൾക്കു വേണ്ടിയുള്ള കാര്യങ്ങളാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ പി. വി. റാഫേൽ : മുഴുവനും പൊതുജനങ്ങൾക്കാണല്ലോ.

മിസ്റ്റർ സി. കെ. നായർ : മെഡിക്കൽ വകുപ്പിനെ സംബന്ധിച്ചിടത്തോളം മരുന്നുകൾ, കിടക്ക, മറ്റു ഉപകരണങ്ങൾ ഇതൊക്കെ പൊതുജനങ്ങൾക്കുള്ളതാണു്. അതുപോലെ പബ്ലിക്കു വർക്കുസിൽ റോഡുകളും ജനങ്ങൾക്കുള്ളതാണു്. കൂടാതെ ബാക്കിയുള്ള ഇനങ്ങൾ ഭരണച്ചിലവിൽ പെടേണ്ടതല്ലേ.

മിസ്റ്റർ പി. വി. റാഫേൽ : ഇതിൽ വ്യത്യാസപ്പെടുത്തുവാൻ ഒന്നുമില്ല.

FOREST AREA IN THE STATE—EXTENT OF

102. മിസ്റ്റർ സി. കെ. എസ്സു്. മണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചിരാജ്യത്തു് എത്ര ചതുരശ്ര മൈൽസു് കാടുകളുണ്ടു്;

(ബി) തിരുവിതാംകൂറിൽ എത്രയുണ്ടെന്നു ഗവർമ്മെണ്ടിനു നിശ്ചയമുണ്ടോ?

മിസ്റ്റർ ടി. നാരായണമേനോൻ :

(എ) ൧൯൩൭ അവസാനത്തിൽ ൪൭൫ ചതുരശ്രമൈൽ ൪൯൩൨൫ ഏക്കർ.

(ബി) ൧൯൩൭ അവസാനത്തിൽ ഏറെക്കുറെ ൨൩൭൦ ചതുരശ്രമൈൽ.

മിസ്റ്റർ സി. കെ. എസ്സു്. മണി : സബ്ഡിവിഷൻ വൈസ് രണ്ടു സംഖ്യകളും പറഞ്ഞിട്ടുള്ളതു് ഏതെല്ലാമാണു്?

LIBRARY ARCHIVES Kerala Legislative Assembly